പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 386 29.01.2019 ൽ മറുപടിക്ക്.

## ജി.എസ്.ടി.ഇനത്തിൽ ലഭ്യമായ തുക

| ചോദ്യം<br>ശ്രീ.പി.ടി. തോമസ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.ടി നടപ്പിലാക്കിയപ്പോൾ സംസ്ഥാനത്ത് പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് വർദ്ധനവ് ഉണ്ടായിട്ടില്ല. അതിനുള്ള കാരണങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കേരളത്തിൽ മൊത്തം വാറ്റ് നികുതി പിരിവിന്റെ ബഹുഭൂരിഭാഗവും 14.5 ശതമാനം നിരക്കിലുള്ള കമ്മോഡിറ്റികളിൽ നിന്നുമായിരുന്നു. ജി.എസ്.ടി. നടപ്പിലായപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് 28 ശതമാനം നിശ്ചയിച്ചു എങ്കിലും പിന്നീട് 18 ശതമാനമായി കുറച്ചു. ഇതിനെ തുടർന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതി വിഹിതം 9 ശതമാനമായി കുറഞ്ഞു. കൂടാതെ അന്തർ സംസ്ഥാന ചരക്ക് കൈമാറ്റത്തിന് നൽകിയ ഐ.ജി.എസ്.ടി., എസ്.ജി.എസ്.ടി. അടയ്ക്കുന്നതിനായി അതിന്റെ ക്രെഡിറ്റ് ഉപയോഗിക്കുമ്പോൾ ആ ക്രെഡിറ്റ് പൂർണ്ണമായും സംസ്ഥാനത്തിന് അടുത്ത മാസം ലഭിക്കേണ്ടതാണ്. എന്നാൽ നികുതി റിട്ടേൺ മുഴുവൻ ഫയൽ ചെയ്യാത്തതിനാൽ വിശദാംശങ്ങൾ ലഭിക്കുന്നില്ല. ഇതും പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **2.** GST യുമായി ബന്ധപ്പെട്ട് 2017-18 ന്റെ Annual Return ജൂൺ 2019 വരെ ഫയൽ ചെയ്യാവുന്നതാണ്. അത്തരം റിട്ടേൺ ലഭ്യമാകുമ്പോൾ റിട്ടേണുകളുടെ വിശദമായ സൂക്ഷ്മപരിശോധന നടത്തി, നികുതി പിരിവ് വർദ്ധിപ്പിക്കാം എന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. Annual Return ഫയൽ ചെയ്യാനുള്ള കാലാവധി നീട്ടരുതെന്ന് കേരളം പ്രത്യേകമായി കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിരുന്നതാണ്.<br>**3.** അന്തർ സംസ്ഥാനത്തേയും സംസ്ഥാനത്തിനകത്തേയും ചരക്കു നീക്കത്തിന്റെ വിശദമായ വിവരങ്ങൾ ലഭ്യമാകുന്നതിനുവേണ്ടി ഇ-വേ ബിൽ സമ്പ്രദായം 01/04/2018 മുതൽ മാത്രമേ നടപ്പിലാക്കിയുള്ളൂ. ഇതിനുണ്ടായ കാലതാമസം മൂലം വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേണുമായി ഇ-വേ ബില്ലിൽ നിന്നും ലഭ്യമാകുന്ന വിശദാംശങ്ങൾ ഒത്തു നോക്കി നികുതി വെട്ടിപ്പ് നിയന്ത്രിക്കാൻ കഴിഞ്ഞില്ല.<br>**4.** ഭൂരിഭാഗം ആഡംബര ഉപഭോക്തൃ ചരക്കുകളുടെയും നികുതിനിരക്ക് 23-ാം ജി.എസ്.ടി കൗൺസിലിന്റെ തീരുമാനപ്രകാരം 28% ൽ നിന്ന് 18%, 12% ആയി കുറച്ചിട്ടുണ്ട്. ഇത് സംസ്ഥാനങ്ങളുടെ നികുതി പിരിവിനെ ദോഷകരമായി ബാധിക്കുമെന്ന് കേരളം അന്നുതന്നെ ചൂണ്ടിക്കാണിച്ചിരുന്നു. നികുതിനിരക്കിലെ വ്യതിയാനങ്ങൾ ജി.എസ്.ടി കൗൺസിലിൽ ചർച്ച ചെയ്ത് ഭൂരിപക്ഷ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതായതിനാൽ ഇത് പുന:പരിശോധിക്കാനുള്ള സാധ്യത വിരളമാണ്. |
| (ബി) | ജി.എസ്.ടി നിയമപ്രകാരമുള്ള റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്തിട്ടുണ്ടോ; പ്രസ്തുത റിട്ടേണുകൾ പരിശോധന നടത്തി വ്യാപാരികൾ | (ബി) | ജി.എസ്.ടി. നിയമപ്രകാരമുള്ള റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യപ്പെട്ടിട്ടില്ല. ജി.എസ്.ടി.യുമായി ബന്ധപ്പെട്ട 2017-18 ന്റെ ആനുവൽ റിട്ടേൺ ഫയൽ ചെയ്യുന്നതിന് |

| | | | |
|---|---|---|---|
| | ഉപഭോക്താക്കളിൽ നിന്നും നികുതിയായി ഈടാക്കുന്ന മുഴുവൻ തുകയും സർക്കാരിൽ എത്തുന്നുവെന്ന് ഉറപ്പാക്കിയിട്ടുണ്ടോ; | | 30.06.2019 വരെ സമയം അനുവദിച്ചിട്ടുണ്ട്. അത് കഴിഞ്ഞ് മാത്രമേ പ്രസ്തുത റിട്ടേണുകൾ പരിശോധന നടത്തി വ്യാപാരികൾ ഉപഭോക്താക്കളിൽ നിന്നും നികുതിയായി ഈടാക്കുന്ന മുഴുവൻ തുകയും സർക്കാരിൽ എത്തിയിട്ടുണ്ടോ എന്ന് ഉറപ്പാക്കാൻ സാധിക്കുകയുള്ളൂ. |
| (സി) | ജി.എസ്.ടി നിലവിൽ വന്ന ശേഷം കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കേണ്ട കോമ്പൻസേഷൻ കൃത്യമായി ലഭിക്കുന്നുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ഈ ഇനത്തിൽ ഇതിനകം എന്ത് തുകയാണ് ലഭിച്ചത് എന്നറിയിക്കാമോ? | (ഡി) | ഈ ഇനത്തിൽ 2017-18 സാമ്പത്തിക വർഷം 2102 കോടി രൂപയും 2018-19 സാമ്പത്തിക വർഷം 31.12.2018 വരെ 2075 കോടി രൂപയും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ